**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 267</u>** **<u>12-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മെഡിക്കൽ കോളേജ് ആശുപത്രികളിൽ നടപ്പാക്കിയ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഒ.പി. സംവിധാനം രോഗീ സൗഹൃദമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാമ്പ് നിർമ്മാണം രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ, ദിശ ബോർഡുകൾ, പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. |
| (ബി) | ഇതിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും ഇതുവരെ എത്ര തുക ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ? | (ബി) | ആർദ്രം, ഇ-ഹെൽത്ത് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആർദ്രം പദ്ധതി നടത്തിപ്പിനായി 51.81 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ